പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5341 26.03.2018 ൽ മറുപടിയ്ക്ക്

## ഭൂസംരക്ഷണ സേനയുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ.റോജി എം. ജോൺ
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.അനിൽ അക്കര

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഭൂസംരക്ഷണ സേന പ്രവർത്തിക്കുന്നത്; അതിന്റെ പ്രവർത്തനം തൃപ്തികരമാണോ; | (എ) ഇടുക്കി ജില്ലയിൽ ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിൽ ഭൂസംരക്ഷണ സേന പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ആയതിന്റെ പ്രവർത്തനം തൃപ്തികരമായി കാണുന്നു. |
| (ബി) | ഇടുക്കി ജില്ലയിലെ സർക്കാർഭൂമി കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഈ സേനയുടെ പ്രവർത്തനം എത്രമാത്രം ഉപയോഗപ്രദമാണ്; | (ബി) ഇടുക്കി ജില്ലയിലെ സർക്കാർ ഭൂമി കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഭൂസംരക്ഷണ സേനയുടെ പ്രവർത്തനം വളരെ ഉപയോഗപ്രദമായി കാണുന്നു. |
| (സി) | ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽ നിന്നും ഭൂസംരക്ഷണ സേനയ്ക്ക് ഭീഷണി ഉണ്ടാകുന്നുണ്ടോ; എങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ സർക്കാർ താല്പര്യം സംരക്ഷിക്കുവാൻ പ്രസ്തുത സേനക്ക് കഴിയുന്നുണ്ടോ; | (സി) ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽ നിന്നും ഭൂസംരക്ഷണ സേനയ്ക്ക് ഭീഷണി ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. |
| (ഡി) | ഭൂസംരക്ഷണ സേന മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) നിലവിലെ സാഹചര്യത്തിൽ ഭൂസംരക്ഷണസേന മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ